# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

പി.ആർ.ഒ/35/259/2016 പത്രക്കുറിപ്പ് 2016 ഡിസംബർ 05

## പ്രാക്ടിക്കൽ പരീക്ഷ

ഒന്ന് മുതൽ നാല് വരെ വർഷ ബി.പി.റ്റി (പഴയ സ്കീം - 2008ന് മുൻപുള്ള അഡ്മിഷൻ) രണ്ടും അവസാനത്തെയും മേഴ്സി ചാൻസ് ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 7 മുതൽ അതത് കോളജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലശാല വെബ് സൈറ്റിൽ ലഭിക്കും.

മൂന്നാം സെമസ്റ്റർ ഡി.ഡി (ഡ്യുവൽ ഡിഗ്രി) എം.സി.എ(2015 അഡ്മിഷൻ റഗുലർ, 2014 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ഡിസംബർ 16 മുതൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലശാല വെബ് സൈറ്റിൽ ലഭിക്കും.

## പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയും

അഞ്ചാം സെമസ്റ്റർ ബി.എ പൊളിറ്റിക്കൽ സയൻസ് (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയും ഡിസംബർ 14 മുതൽ വിവിധ കോളജുകളിൽ വച്ച് നടത്തും.

## പരീക്ഷാ ഫലം

2015 ഡിസംബർ മാസം നടന്ന മൂന്നാം ഭാഗം എം.എ ഇസ്ലാമിക് ഹിസ്റ്ററി ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 17 വരെ സ്വീകരിക്കും.

## എം.ജിയിൽ ഭരണഭാഷ പൂർണ്ണമായും മലയാളത്തിൽ

സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക ഭാഷാ നയത്തിന്റെ ഭാഗമായി എം.ജി സർവ്വകലശാലയിലും ഭരണഭാഷ സമ്പൂർണ്ണമായും മലയാളത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു. സർവ്വകലാശാലാ ഉത്തരവുകൾ, പരിപത്രങ്ങൾ, വിജ്ഞാപനങ്ങൾ, ഫയലുകൾ, കുറിപ്പികുൾ, സിൻഡിക്കേറ്റ് അക്കാദമിക് യോഗങ്ങളുടെ പ്രമേയങ്ങൾ, തീരുമാനങ്ങൾ, സംസ്ഥീനത്തിനകത്തുള്ള കത്തിടപാടുകൾ എന്നിവ മലയാളത്തിലായിരിക്കണമെന്ന സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ തീരുമാനം അടിയന്തിരപ്രാധാന്യത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചതായി വൈസ് ചാൻസലർ അറിയിച്ചു. ഇതനുസരിച്ചുള്ള ഉത്തരവും സർവ്വകാലശാല പുറത്തിറക്കി കൂടാതെ സർവ്വകലശാലയിലെ ബോർഡുകളും വാഹനങ്ങളിലെ ബോർഡുകളും മലയാളത്തിലും ഇംഗ്ലീഷിലും പ്രദർശിപ്പിക്കുവാനും തീരുമാനമായി. സർവ്വകാലാശാലയോട് അഫിലിയേറ്റ് ചെയ്ത കോളജുകളിൽ നിന്നുള്ള കത്തിടപാടുകൾ സർക്കാർ നയത്തിന് അനുസൃതമായി മലയാളത്തിലാവണമെന്നും വൈസ് ചാൻസലർ നിർദ്ദേശിച്ചു. ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്കുള്ള ആദ്യഘട്ട പരിശീലന പരിപാടി ഡിസംബർ 3ന് സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക ഭാഷാവകുപ്പിലെ മലയാള ഭാഷാ വിദഗ്ധൻ ശിവകുമാറിന്റെ നേതൃത്വത്തിൽ നടക്കുകയുണ്ടായി.
ഭരണ ഭാഷ സമ്പൂർണ്ണമായും മലയാളമാക്കിയ സംസ്ഥാനത്തെ ആദ്യ സർവ്വകലാശാലയാണ് എം.ജി യെന്ന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പ്രസ്താവിച്ചു.

## പരീക്ഷാ പരിശീലനം

മഹാത്മാ ഗാന്ധി സർവ്വകലാശാല കാമ്പസിൽ പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എൽ.ഡി. ക്ലാർക്ക് പരീക്ഷകൾക്കുള്ള പരിശീലനം ആരംഭിക്കുന്നു. യൂണിവേഴ്സിറ്റി കാമ്പസിൽ വച്ച് നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ കോഴ്സ് ഫീസായ 2000 രൂപ അടച്ച് പേര് രജിസ്റ്റർചെയ്യണം. പട്ടികജാതി/പട്ടികവർഗ്ഗ/വികലാംഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 50 ശതമാനം ഫീസിളവ് ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുമായി ബന്ധപ്പെടണം. ഫോൺ 0481-2731025

**സൈൻലാംഗ്വേജ്: ത്രിതിന ഓറിയന്റേഷൻ പ്രോഗ്രാം**

മഹാത്മാ ഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ ഡിപ്പാർട്ട്മെന്റ് ഓഫ് സൈൻ ലാംഗ്വേജിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് ത്രിദിന ഓറിയന്റേഷൻ പ്രോഗ്രാം നടത്തി. ശ്രവണ വൈകല്യമുള്ളവരുടെ ആശയ വിനിമയ മാധ്യമമായ ആംഗ്യഭാഷയെ (സൈൻലാംഗ്വേജ്) സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി "ഉൾച്ചേരൽ" വിദ്യാഭ്യാസം (ഇൻക്ലൂസീവ് എജ്യൂക്കേഷൻ) ശക്തിപ്പെടുത്തണമെന്ന് സെമിനാർ അഭിപ്രായപ്പെട്ടു. സ്കൂൾ ഓഫ് ബിഹേവിയറൽ സയ്സ് ഡയറക്ടർ ഡോ. പി. എസ്. സുകുമാരൻ ഉദ്ഘാടനം ചെയ്ത സെമിനാറിൽ. ഡോ. കെ. എം. മുസ്തഫ മുഖ്യപ്രഭാഷണം നടത്തി. അനഘ, വിജി ടി. ജി, തുഷാര തുളസി, ദിവ്യ, സോളി ജോസഫ്, ബിജു ലോറൻസ് എന്നിവർ ക്ലാസുകൽ നയച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)